(ബി) പദ്ധതിക്കായി 84.36 കോടി രൂപ നടപ്പു സാമ്പത്തിക വർഷം ഇതുവരെ നൽകിയിട്ടുണ്ട്.

(സി) പദ്ധതി 2011 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിന്നതെങ്കിലും കോൺട്രാക്ടർമാർ ഉയർന്ന തുക കാട്ടു ചെയ്തതിനാലും റോഡ് കട്ടിംഗിന് വിവിധ ഏജൻസികളിൽനിന്നും അനുമതി ലഭിക്കുന്നതിന് വന്ന കാലതാമസവും അപ്രതീക്ഷിതമായി ഉണ്ടായ മഴയും കാരണം പദ്ധതി പൂർത്തീകരണം വൈകി. പദ്ധതി അടുത്ത സാമ്പത്തിക വർഷത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) മൂന്നിയൂർ, തേഞ്ഞിപ്പാലം, ചേലാമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ, തിരൂരങ്ങാടി പഞ്ചായത്തിലെ വെണ്ണിയൂർ പ്രദേശത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ, ബേലൂരിനും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി, മണലൂർ-കാരമുക്ക് പദ്ധതി, കൊണ്ടോട്ടി-നെടിയിരുപ്പ് വില്ലേജുകൾക്കുവേണ്ടിയുള്ള പദ്ധതി എന്നിവയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ഇ&എഫ്) പണികൾ പ്രാരംഭഘട്ടത്തിലായതിനാൽ എന്തുതുക ചെലവാകുമെന്ന് ഇപ്പോൾ കണക്കാക്കുവാൻ കഴിയുകയില്ല.

പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും പഴയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ നവീകരിക്കുന്നതിനും നടപടി

124 (574) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വിവിധ കുടിവെള്ള വിതരണ പദ്ധതികളുടെ പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും പഴയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ നവീകരിക്കുന്നതിനുമായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇതിനുപുറമേ ഈ വർഷം എവിടെയൊക്കെ പുതിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വർഷം ഇത്തരം ഏതൊക്കെ പുതിയ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന്റെ വിവരം :

പൂവ്വാർ കരിച്ചൽ സ്കീമിലെയും ചൊവ്വര സ്കീമിലെയും ഒറ്റശേഖര മംഗലം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിലേയും പഴക്കംചെന്ന എ.സി. പൈപ്പ് മാറ്റി പി.വി.സി. പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗര ശുദ്ധജല വിതരണ പദ്ധതിയിലെ കേടായതും കാലപ്പഴക്കം ചെന്നതുമായ പൈപ്പ് ലൈനുകൾ മുൻഗണനാക്രമത്തിൽ മാറ്റി സ്ഥാപിച്ചുവരുന്നു.

നെടുമങ്ങാട് ശുദ്ധജലവിതരണ പദ്ധതിയുടെ കേടായ പ്രിമോ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയിൽ സ്ഥാപിച്ചിട്ടുള്ള പഴയ പ്രിമോ പൈപ്പ് മാറ്റി എ.സി. പൈപ്പും ഡി.ഐ. പൈപ്പുമായി മാറ്റി സ്ഥാപിക്കൽ പണികൾ നടന്നുവരുന്നു.

ആലപ്പുഴ മുൻസിപ്പാലിറ്റിയിലെ പഴകിയ 14.50 കി.മീ. പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിച്ചു. കക്കാട് നിന്നും വൈക്കംവരെ ഉണ്ടായിരുന്ന പ്രിമോ പൈപ്പു ലൈനിന്റെ 17 കി.മീ. നീളം ഡി.ഐ. പൈപ്പാക്കി മാറ്റി സ്ഥാപിക്കുന്ന പദ്ധതി പൂർത്തീകരിച്ചു.

തിരുവേഗപ്പാറ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ 100 മീ. പൈപ്പു ലൈൻ മാറ്റി സ്ഥാപിച്ചു.

ആനക്കര പഞ്ചായത്തിലെ പൊന്നത്താൻതിര കുടിവെള്ള പദ്ധതിയുടെ 800 മീറ്ററോളം പമ്പിംഗ് മെയിൻ മാറ്റുന്ന പ്രവൃത്തി നടന്നുവരുന്നു. ആർഡബ്ല്യു.എസ്.എസ്. കരിമ്പ സ്കീമിന്റെ പഴയ പമ്പിംഗ് മെയിൻ പൈപ്പ് മാറ്റി പുതിയ പിവിസി സ്ഥാപിക്കുന്നതിന് ദർഘാസ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. യു.ഡബ്ല്യു.എസ്.എസ്. ഷൊർണ്ണൂർ ശുദ്ധജല വിതരണ പദ്ധതിയിൽ മുതലിയാർ തെരുവിലുള്ള പഴയ എസി പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ആയിട്ടുണ്ട്.

പരതൂർ പഞ്ചായത്തിലെ കള്ളിവളവ് കുടിവെള്ള പദ്ധതിയുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി.

കൊളച്ചേരി ശുദ്ധജല വിതരണ പദ്ധതിയുടെ 22 കി.മീ. റോളം വരുന്ന പഴയ എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിലുള്ള കണ്ണൂർ ശുദ്ധജല വിതരണ പദ്ധതിയുടെ പഴയ എ.സി. ജിഐ. പൈപ്പുകൾ മാറ്റി ഡിഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തിയുടെ ടെണ്ടർ സൂക്ഷ്മ പരിശോധനയിലാണ്.

വടകര നഗര പദ്ധതിയുടെ പൈപ്പു ലൈനുകൾ മാറ്റി സ്ഥാപിക്കാനുള്ള പ്രവർത്തികൾക്കുള്ള ടെണ്ടറുകൾ സൂക്ഷ്മ പരിശോധനയിലാണ്.

കോഴിക്കോട് നഗര ജലവിതരണ പദ്ധതിയുടെ റീച്ച് അഞ്ചിന്റെ ടെണ്ടർ സൂക്ഷ്മ പരിശോധനയിലാണ്. ചേമ്പിലോറ ശുദ്ധജല വിതരണ പദ്ധതിയിൽ 150 മീ. 63 മി.മീ. പി.വി.സി. പൈപ്പ് മാറ്റി സ്ഥാപിക്കാൻ ടെണ്ടർ നടപടികൾ സ്വീകരിച്ചു.

കൂവപ്പുറം, പെരിഞ്ഞേരിക്കടവ് പദ്ധതിയിൽ 110 മീറ്റർ ജി.ഐ. പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിച്ചു. വടകര മുനിസിപ്പാലിറ്റിയിൽ പാക്കയിൽ പ്രദേശത്ത് പഴയ എ.സി. പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിന് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

മഞ്ചേരി അർബൻ ശുദ്ധജല വിതരണ പദ്ധതിയുടെ ഗ്രാവിറ്റി മെയിൻ മാറ്റി ഡി.ഐ.കെ.-9 പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെണ്ടർ സൂക്ഷ്മ പരിശോധനയിലാണ്.

2. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നവീകരണം.

നെയ്യാറ്റിൻകര ട്രീറ്റ്മെന്റ് പ്ലാനിന്റെ നവീകരണ പ്രവർത്തനം, വെള്ളയമ്പലം ജലശുദ്ധീകരണ ശാഖയിലെ ബ്ലോക്ക് ലൈറ്ററുകളുടെ നവീകരണം, നെടുമങ്ങാട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണം, വിളപ്പിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണം, തിരുവല്ലയിലെ കുട്ടനാട് ജലവിതരണ പദ്ധതിയിലെ ജല ശുദ്ധീകരണശാലകൾ നവീകരിക്കുന്നതിനുള്ള പദ്ധതി എന്നിവ നടന്നുവരുന്നു. പുളിമാത്ത് ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും ആറ്റിങ്ങൽ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും നവീകരണത്തിന് പുതുക്കിയ നിരക്കിലെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. പുനലൂർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

പത്തനംതിട്ട അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെയും റാന്നിവെച്ചൂച്ചിറ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണ പ്രൊപ്പോസൽ 2011-12 ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നു.

മാവേലിക്കര ട്രീറ്റ്മെന്റ് പ്ലാന്റ് പാല ട്രീറ്റ്മെന്റ് പ്ലാന്റ്, തിരുവഞ്ചൂർ ട്രീറ്റ്മെന്റ് പ്ലാന്റ്, തിരുവല്ല ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ചെങ്ങന്നൂർ പ്ലാന്റിൽ നവീകരണത്തിന്റെ ഭാഗമായി 1.36 ലക്ഷം രൂപ ചെലവുചെയ്ത് പമ്പ് സെറ്റ് സ്ഥാപിച്ചിട്ടുണ്ട്.

ചെറ്റുവ ഹെഡ് വർക്ക്സിലെ പഴയ ശുദ്ധീകരണ ശാലയുടെ പുനരുദ്ധാരണം, പെരുമ്പാവൂർ, തൊടുപുഴ, പുറപ്പുഴ, അടിമാലി, മറയൂർ. അരക്കുഴ, വാളകം, മൂവാറ്റുപുഴ, കോതമംഗലം, പീച്ചി, ഇരിങ്ങാലക്കുട, ചാലക്കുടി, പീച്ചി, (കെ.എസ്.യു.ഡി.പി.) ആലുവ (കെ.എസ്.യു.ഡി.പി.) പോത്താനിക്കാട് ശുദ്ധീകരണ ശാലകളുടെ പുനരുദ്ധാരണം, ആലുവ ഹെഡ് വർക്സിലെ

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാം നമ്പർ പ്ലാന്റിന്റെ 5 ഫിൽറ്റർ ബെഡുകൾ മാറ്റി സ്ഥാപിക്കൽ, മുപ്പത്തടം, ജല ശുദ്ധീകരണ ശാലയിലെ ഫിൽറ്റർ മീഡിയ മാറ്റി സ്ഥാപിക്കൽ, പാലക്കാട് ശുദ്ധജല വിതരണ പദ്ധതി 12.50 എം.എൽ.ഡി., പാലക്കാട് ശുദ്ധജല വിതരണ പദ്ധതി നാല് എം.എൽ.ഡി., കോട്ടയ്ക്കൽ പറപ്പൂർ പദ്ധതിയുടെ ശുദ്ധീകരണശാലയുടെ നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു. മലപ്പുറം മഞ്ചേരിയിൽ നിലവിലുള്ള ശുദ്ധീകരണശാലയുടെ നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. സുൽത്താൻ ബത്തേരി, നൂൽപ്പുഴ പഞ്ചായത്തിലെ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ ശുദ്ധീകരണ ശാലയുടെ നവീകരണ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതി മാവൂർ 36 എം.എൽ.ഡി. ജല ശുദ്ധീകരണശാല പൂർത്തിയായി വരുന്നു. മുഴിക്കൽ 4.50 എം.എൽ.ഡി., മുഴിക്കൽ1.50 എം.എൽ.ഡി. ശുദ്ധീകരണ ശാലയുടെ നവീകരണത്തിനുള്ള ടെണ്ടർ ചെയ്തെങ്കിലും ആരും ഏറ്റെടുത്തിട്ടില്ല. കാപ്പുമല വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലെയും ഓഞ്ചിയം. ചോറോട് പദ്ധതിയുടെ കുറ്റ്യാടി പ്ലാന്റിലേയും ഫിൽറ്റർ മീഡിയ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും കൊയിലാണ്ടിയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതിയുടെ പെരുവണ്ണാമൂഴി പ്ലാന്റിന്റെ ഫിൽറ്റർ മീഡിയ മാറ്റുന്ന പ്രവൃത്തിയും പൂർത്തിയായി.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) താഴെ പറയുന്ന ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് കരുതുന്നു.

കരകുളം പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി രണ്ടാംഘട്ടം

ഇളമ്പള്ളൂരുള്ള പുതിയ ട്രീറ്റ്മെന്റ് പ്രാന്റ് കാഞ്ഞിരപ്പള്ളി പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റ്.

നൂറനാട് പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റ്

മണിമല പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റ്

ഭരണിക്കാവ് പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റ്

ചെറുതുരുത്തി-നെടുമ്പുര

ഒല്ലൂർ-എടക്കുനി

തൃശ്ശൂർ കുടിവെള്ള പദ്ധതി ശ്രീകൃഷ്ണപുരം 11 എം.എൽ.ഡി.പ്ലാന്റ് പട്ടാമ്പി 2.50 എം. എൽ.ഡി. പ്ലാന്റ് മാലോത്ത് ബലാൽ പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റ്

കൂടാതെ ജൈക്ക പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം, മീനാട്, ചേർത്തല, പട്ടുവം എന്നീ പദ്ധതികളിലെ പുതിയ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly